ഉത്തരം

(എ) & (ബി) ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുന്ന വിജയികൾക്ക് സമ്മാനത്തുക കാലതാമസമില്ലാതെതന്നെ വിതരണം ചെയ്യുന്നുണ്ട്.

(സി) 2001 മേയ് മാസത്തിനുശേഷം ഇതുവരെ സമ്മാനാർഹരായ 180 പേർക്ക് 4,45,75,000 രൂപ വിതരണം ചെയ്യാനുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതും കോടതി കേസുകൾ നിലവിലുള്ളതും ഉൾപ്പെടെയുള്ള കാരണങ്ങളാലാണ് ടി തുക വിതരണം ചെയ്യാൻ സാധിക്കാത്തത്. ഈ ന്യൂനതകൾ പരിഹരിക്കുകയും നിയമ നടപടികൾ അവസാനിക്കുകയും ചെയ്യുന്നതിനനുസൃതമായി സമ്മാനം വിതരണം ചെയ്യുന്നതാണ്.

(ഡി) 31-5-2005-ൽ സമ്മാനാർഹന് ആദായനികുതി കിഴിവുകൾ കഴിച്ചുള്ള സമ്മാനത്തുക ഡിമാന്റ് ഡ്രാഫ്റ്റായി നൽകിക്കഴിഞ്ഞു.

കെ.എസ്.എഫ്.ഇ. യുടെ സാറ്റലൈറ്റ് ബ്രാഞ്ചുകൾ

54 [991] *ശ്രീമതി മേഴ്സി രവി:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-ക്ക് ഇപ്പോൾ എത്ര ഗ്രാമപഞ്ചായത്തുകളിൽ ബ്രാഞ്ച് ഓഫീസുകളുണ്ട്;

(ബി) ബ്രാഞ്ച് ഓഫീസ് ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സാറ്റലൈറ്റ് ബ്രാഞ്ചുകൾ തുറക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഈ വർഷം എത്ര സാറ്റലൈറ്റ് ബ്രാഞ്ചുകളാണ് തുറക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 137.

(ബി) & (സി) സാറ്റലൈറ്റ് ബ്രാഞ്ചുകൾ തുടങ്ങുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

ചിട്ടി ആക്ടിലെ ഭേദഗതികൾ

55 [992] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചിട്ടി ആക്ടിൽ എന്തെല്ലാം പുതിയ ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly